## ശ്രദ്ധക്ഷണിക്കൽ

### (1) കൈത്തറി സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. റ്റി. വി. രാജേഷ്: സർ, സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ചാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കേരളത്തിൽ 360 കൈത്തറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഈ കൈത്തറി സഹകരണ സംഘങ്ങളിലായി ഇരുപതിനായിരത്തിൽപ്പരം തൊഴിലാളികൾ ജോലി ചെയ്യുന്നു. അതിൽ 12,842 പേർ സ്ത്രീകളാണ്. കൈത്തറി സഹകരണ സംഘങ്ങൾക്ക് അവരുടെ വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിരവധി വർഷമായി അനുവദിച്ചുകൊണ്ടിരിക്കുന്ന 10 ശതമാനം മാർക്കറ്റ് ഇൻസെന്റീവ് 2012-13 സാമ്പത്തിക വർഷം മുതൽ കുടിശ്ശികയാണ്. ഇതിന് 5 ശതമാനമാണ് സംസ്ഥാന വിഹിതം. 5 ശതമാനം കേന്ദ്ര വിഹിതമാണ്. ഇത് എത്രയും വേഗം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇതിലുള്ള ഒരു പ്രശ്നം, 30 ലക്ഷത്തിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ള സംഘങ്ങൾക്ക് മാർക്കറ്റ് ഇൻസെന്റീവിന് അപേക്ഷ സമർപ്പിക്കാൻ

കഴിയാത്ത സാഹചര്യമുണ്ട്. സഹകരണ സംഘങ്ങളിൽ ഒട്ടുമിക്ക സംഘങ്ങളും 30 ലക്ഷത്തിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ളവയാണ്. അതുകൊണ്ട് അവർക്കുകൂടി ഈ ആനുകൂല്യം ലഭ്യമാക്കുന്ന തരത്തിലുള്ള ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊരു വിഷയം റിബേറ്റിന്റേതാണ്. കൈത്തറി-നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് 2012 മുതലുള്ള റിബേറ്റ് തുക പൂർണ്ണമായും അതിനുമുമ്പുള്ള തുക ഭാഗികമായും ലഭിക്കാനുണ്ട്. റിബേറ്റ് കാലത്തെ വിൽപ്പനത്തുക സംഘങ്ങളുടെ ക്യാഷ് ക്രെഡിറ്റ് അക്കൗണ്ടിൽ അടയ്ക്കുന്നതിനുപകരം സംഘങ്ങൾ എസ്.ബി. അക്കൗണ്ടിൽ അടച്ചുവെന്ന കാരണവും അതുപോലെ യാൺ ഇഷ്യൂ റേഷ്യോ 6.5 മീറ്ററിൽ കൂടുതലാണെന്ന കാരണവും ചൂണ്ടിക്കാണിച്ചാണ് കൈത്തറി സംഘങ്ങളുടെ റിബേറ്റ് തടഞ്ഞുവച്ചിരിക്കുന്നത്. ഒട്ടുമിക്ക സഹകരണ സംഘങ്ങളും ഫാക്ടറി മാതൃകയിലാണ് പ്രവർത്തിക്കുന്നത്. ഈ സംഘങ്ങളിൽ തൊഴിലാളികൾക്ക് നൂൽ കൊടുത്ത് തുണി കൊണ്ടുവരുന്ന രീതിയല്ല നിലവിലുള്ളത്. പകരം സംഘങ്ങളിലെ ഡൈഹൗസിലേക്ക് നൂൽ ഗോഡൗണിൽ നിന്നും നൽകുമ്പോൾത്തന്നെ യാൺ ഇഷ്യൂ കാണിക്കുകയാണ് ചെയ്യുന്നത്. പിന്നീട് ഡൈ

ഹൗസിലും വെൻഡിംഗ് സെക്ഷനിലും വാക്കിംഗ് സെക്ഷനിലും പിന്നീട് നെയ്ത്തുകാരന് പാവ് രൂപത്തിലുമാണ് ലഭിക്കുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ യാൺ ഇഷ്യൂ റേഷ്യോ 6.5 മീറ്റർ എന്നത് സാങ്കേതികം മാത്രമായി മാറുന്നു. സംഘങ്ങൾക്ക് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നതല്ല. റിബേറ്റ് യഥാസമയം ലഭിക്കാത്തതിനാൽ തൊഴിലാളികൾക്ക് ജോലിയും കൂലിയും ജീവനക്കാർക്ക് ശമ്പളവും കൊടുക്കാൻ കഴിയുന്നില്ല. അതുപോലെതന്നെ ഇവരുടെ പി.എഫ്., ഇ.എസ്.ഐ.-കളിൽ പണമടക്കാനും സാധിക്കുന്നില്ല. റിബേറ്റ് വിൽപ്പനയ്ക്ക് നിലവിലുള്ള നിബന്ധനകൾ കാലോചിതമായി പരിഷ്കരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം കടക്കെണിയിലായ കൈത്തറി സഹകരണ സംഘങ്ങളുടെ കടം എഴുതിത്തള്ളുന്നതിനും വർഷങ്ങൾക്കുമുമ്പ് ആർ.ആർ.ആർ. പാക്കേജ് പ്രകാരം പണം ജില്ലാ ബാങ്കുകൾക്ക് നൽകിയിരുന്നു. പദ്ധതിയിലെ വ്യവസ്ഥ പ്രകാരം നബാർഡും ജില്ലാ ബാങ്കും എം.ഒ.യു ഒപ്പിട്ടിരുന്നു. ...(ബഹളം).....കടം എഴുതിത്തള്ളിയ സംഘങ്ങൾക്ക് 7 ശതമാനം പലിശയ്ക്ക് പുനർവായ്പ നൽകാൻ വ്യവസ്ഥയുണ്ട്. എന്നാൽ ജില്ലാ ബാങ്ക് ഇതുവരെ സംഘങ്ങൾക്ക് പുനർവായ്പ നൽകാൻ തയ്യാറാകുന്നില്ല. മറ്റൊരു വിഷയം പ്രൊഡക്ഷൻ ഇൻസെന്റീവാണ്. കൈത്തറി തൊഴിലാളികൾക്ക്

ആശ്വാസ പദ്ധതികൾ പ്രഖ്യാപിച്ചതും  നിലവിൽ ലഭിച്ചുകൊണ്ടിരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് 2014-15 വർഷം മുതൽ ലഭിക്കുന്നില്ല.  കൈത്തറി യൂണിഫോം പദ്ധതി വളരെ അഭിനന്ദനാർഹമായ ഒരു കാര്യമാണ്.  കൈത്തറി മേഖലയെ സംരക്ഷിക്കാനും ആ മേഖലയിലുള്ള തൊഴിലാളികളെ ആ മേഖലയിൽ ഉറപ്പിച്ചുനിർത്തുന്നതിനുംവേണ്ടി ഈ സർക്കാർ കൊണ്ടുവന്ന ഏറ്റവും ശ്ലാഘനീയമായ പദ്ധതിയാണ് കൈത്തറി യൂണിഫോം പദ്ധതി.  പ്രശംസനീയമായ ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകുമ്പോൾ..... (ബഹളം).....

മി. സ്പീക്കർ:  പ്ലീസ്....കൺക്ലൂഡ്....കൺക്ലൂഡ് ചെയ്യൂ.....

ശ്രീ. റ്റി. വി. രാജേഷ്:  നെയ്ത്തുകാരുടെ കൂലി വർദ്ധിപ്പിക്കുന്ന കാര്യത്തിൽകൂടി നടപടിയുണ്ടാകണം.  ഇതിന്റെ ഭാഗമായി രണ്ടാഴ്ചകൂടുമ്പോൾ അവരുടെ അക്കൗണ്ടിലേയ്ക്ക് കൂലി ലഭ്യമാക്കുന്നതിനുള്ള നടപടികൂടി  സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.  അതുപോലെ മറ്റൊരു വിഷയം നമ്മുടെ വാറ്റ് നികുതി കുടിശ്ശിക ഒഴിവാക്കുകയെന്നതാണ്.  ഖാദി ഉൽപ്പന്നങ്ങൾക്ക് ഇത് ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്.  .......(ബഹളം).....  കൈത്തറി സഹകരണ സംഘങ്ങളെക്കൂടി അതിൽനിന്നും ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.  ഇത്തരത്തിൽ ഇന്ന് വളരെയേറെ പ്രശ്നങ്ങൾ  കൈത്തറി

മേഖല നേരിടുന്നുണ്ട്. ആ കൈത്തറി മേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കൈത്തറി മേഖലയിൽ കേന്ദ്ര സർക്കാർ സഹായത്തോടെ കൈത്തറി ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് വഴി, കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾക്ക് സംയോജിത കൈത്തറി വികസന പദ്ധതിയിൽ (Comprehensive Handloom Development Scheme) ഉൾപ്പെട്ടതാണ് മാർക്കറ്റിംഗ് ഇൻസെന്റീവ്. കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണന സഹായ പദ്ധതിയാണിത്. തുടർച്ചയായ 3 വർഷങ്ങളിലെ വിറ്റുവരവിന്റെ ശരാശരിയുടെ 10 ശതമാനമാണ് സാമ്പത്തിക സഹായമായി നൽകുന്നത്. ഈ സഹായത്തിന്റെ പകുതി (50 ശതമാനം) കേന്ദ്ര വിഹിതവും ബാക്കി 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. ഇതിൽ സംസ്ഥാന വിഹിതമായി 2014-15 വരെയുള്ള അപേക്ഷകൾക്ക് 3,18,89,037/- രൂപയും, കേന്ദ്ര വിഹിതമായി 2011-12 വരെയുള്ള അപേക്ഷകൾക്ക് 4,44,55,829/- രൂപയും നൽകിയിട്ടുണ്ട്. തുടർന്നുള്ള കേന്ദ്ര വിഹിതം ആവശ്യപ്പെട്ടുവെങ്കിലും ലഭിച്ചിട്ടില്ല. കൈത്തറി വികസന കമ്മീഷണറുടെ

ഉത്തരവുകൾ പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നത് പുതിയ നിർവ്വഹണ ഏജൻസികൾ വഴിയാകണമെന്ന് നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പിനായി സർക്കാർ ഹാൻവീവിനെ നിർവ്വഹണ ഏജൻസിയായി നിയമിക്കുകയും അപേക്ഷകൾ കൈത്തറി ഡയറക്ടറേറ്റ് പരിശോധിച്ച്, ശിപാർശ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരികയുമാണ്. കൂടാതെ 11-07-2017-ലെ കേന്ദ്ര കൈത്തറി വികസന കമ്മീഷണറുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം പ്രതിവർഷം 30 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലെന്ന് നിബന്ധന വച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ധന സഹായത്തോടെയുള്ള ഈ പദ്ധതിയിൽ മാറി മാറി വരുന്ന നിബന്ധനകളും വാർഷിക ടേൺ ഓവർ 30 ലക്ഷം രൂപയിൽ താഴെയുള്ള കൈത്തറി സഹകരണ സംഘങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയതും പദ്ധതിയുടെ ആനുകൂല്യം കൈത്തറി സംഘങ്ങൾക്ക് നിഷേധിക്കുന്നതിന് ഇടയാക്കുകയാണ്. കൈത്തറി മേഖലയിൽ എല്ലാ വർഷവും സർക്കാർ നിശ്ചയിക്കുന്ന ഉത്സവ കാലയളവുകളിൽ കൈത്തറി ഉൽപ്പന്നങ്ങൾക്ക് 20 ശതമാനവും സ്കൂൾ യൂണിഫോമിന് 30 ശതമാനവും റിബേറ്റ് അനുവദിച്ചുവരുന്നു. കഴിഞ്ഞ സർക്കാർ 5 വർഷംകൊണ്ട് കൈത്തറി സംഘങ്ങൾക്കും ഹാന്റക്സ്,

ഹാൻവീവ് എന്നിവയ്ക്കുംകൂടി ആകെ 24.74 കോടി രൂപയാണ് റിബേറ്റ് ഇനത്തിൽ നൽകിയത്. ഈ സർക്കാർ രണ്ട് വർഷംകൊണ്ട് 14,95,67,000/- രൂപ മേൽ സ്ഥാപനങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ബാക്കി നിൽക്കുന്ന റിബേറ്റ് അപേക്ഷകൾ കുറ്റമറ്റതാണോയെന്ന് പരിശോധിച്ച് തീർപ്പുകൽപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 8.53 കോടി രൂപയും ഹാന്റക്സിന് 7.80 കോടി രൂപയും, ഹാൻവീവിന് 4.15 കോടി രൂപയും കൂടി ആകെ 20.48 കോടി രൂപ നൽകുവാനുള്ളതായി കണക്കാക്കിയിട്ടുണ്ട്. സർക്കാരിൽനിന്നും ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മേൽ കുടിശ്ശിക നൽകുന്നതാണ്. വരുന്ന സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ റിബേറ്റ് നൽകുന്നതിനായി 8.90 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിന് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പുനരുദ്ധാരണ, നവീകരണ, പുനസംഘടന (ആർ.ആർ.ആർ. പാക്കേജ്) പദ്ധതിയുടെ ലക്ഷ്യം കൈത്തറി സഹകരണ സംഘങ്ങളെ കടബാധ്യതയിൽനിന്നും ഒഴിവാക്കുകയെന്നതാണ്. ആർ.ആർ.ആർ. പാക്കേജിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് 31-03-2010 വരെ കുടിശ്ശികയായ (എൻ.പി.എ ആയ തീയതി വരെ) വായ്പാ തുകയുടെ 100 ശതമാനവും

പലിശയുടെ 25 ശതമാനവുംവരെ തിരിച്ചടവിൽനിന്നും ഒഴിവാക്കി സംഘങ്ങളെ സംരക്ഷിക്കുന്നതാണ് പദ്ധതി. നബാർഡായിരുന്നു നോഡൽ ഏജൻസി. ജില്ലാ സഹകരണ ബാങ്ക് വഴിയാണ് നടപ്പിലാക്കിയത്. ഇതു പ്രകാരം കേന്ദ്ര സർക്കാരിന്റെ 165.34 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ 45.31 കോടി രൂപയും കേരളത്തിലെ 357 പ്രാഥമിക കൈത്തറി സംഘങ്ങൾക്കും ഹാന്റക്സ്, ഹാൻവീവ് നെയ്ത്തുകാർക്കും രണ്ട് തവണകളായി നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ജില്ലാ സഹകരണ ബാങ്കുകൾ കുറഞ്ഞ പലിശ നിരക്കിൽ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിൽ കാണിച്ച അലംഭാവം കൈത്തറി സഹകരണ സംഘങ്ങളെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറ്റുന്നതിനും ആവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനും വിഘാതമായിട്ടുണ്ട്. ഇക്കാര്യത്തിൽ സഹകരണ വകുപ്പുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. സർക്കാർ ഈ കാര്യങ്ങളാകെ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ശ്രീ. വി. ടി. ബൽറാം സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

(സബ്മിഷൻ)